• പുസ്തക പരിചയം

# ആണവോർജ്ജം വഴി കറുത്ത പ്രഭാതത്തിലേക്ക്

വിജിത്ത് വി.സി.

**എം.പി. പരമേശ്വരൻ 'കറുത്ത പ്രഭാതം, ആണവോർജ്ജവും ആണവകരാറും' എന്ന പുസ്തകത്തിലൂടെ ആണവോർജ്ജത്തിന്റെ സാമൂഹികവും പാരിസ്ഥിതികവുമായ പ്രശ്നങ്ങളും, ഇന്തോ-അമേരിക്കൻ ആണവകരാറിന്റെ ആശങ്കകളും ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.**

അതെ, രാഷ്ട്രത്തിന്റെ ഭാവിയെ അപകടപ്പെടുത്തിയവർ ഭാവി അവരെ കുറ്റക്കാർ എന്നു വിളിക്കും...!

ഇത്രയും ധൃതിപിടിച്ച്, അമേരിക്കയുമായി ആണവ സഹകരണ ഉടമ്പടിയിൽ ഒപ്പുവെക്കുന്ന മൻമോഹൻസിംഗ്-മൊണ്ടേക് സിംങ്ങ് ആണവ പുരോഹിത-കോൺഗ്രസ് ഗവൺമെന്റ് കൂട്ടുകെട്ടിനെ ഈ പുസ്തകം ശക്തമായിതന്നെ ചോദ്യം ചെയ്യുന്നു. പ്രധാനമന്ത്രിയുടെ കാര്യാലയം മുൻകൈയ്യെടുത്ത് രൂപംകൊടുത്ത ഒന്നായിരുന്നു കരാർ. അണുശക്തി വകുപ്പോ, ഊർജ്ജ വകുപ്പോ ഇതിൽ പങ്കാളിയായിരുന്നില്ല.

നാലുലക്ഷം കോടിയുടെ ആണവകരാർ നടപ്പാക്കുന്ന ഈ സമയത്ത് ജനങ്ങൾക്ക് കരാറിന്റെ ഹിഡൺ അജണ്ടകളെക്കുറിച്ചറിയാനും ആണവോർജ്ജത്തിന്റെ അടിത്തറ മുതൽ ആണവ റിയാക്ടറുകളുടെ പ്രവർത്തനവും ആണവോർജ്ജ പരിപാടിയുടെ സാങ്കേതികതയും മനസ്സിലാക്കാനും ഈ പുസ്തകം സഹായിക്കും.

ഇന്ത്യ-അമേരിക്ക ആണവക്കരാറിന്റെ പശ്ചാത്തലത്തിൽ സാമൂഹികവും പാരിസ്ഥിതികവുമായ പ്രശ്നങ്ങളുൾപ്പെടെ നിരവധി ആശങ്കകളെ പുസ്തകം ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.

ഊർജ്ജ പ്രതിസന്ധി, വികസനം, പരിസ്ഥിതി സൗഹൃദം, ആഗോളതാപനം, ദാരിദ്ര്യത്തെ ഉന്മൂലനം ചെയ്യൽ തുടങ്ങിയവ പറഞ്ഞാണ് കോൺഗ്രസ് ഗവൺമെന്റ് ആണവ കരാറുമായി മുന്നോട്ട് പോകുന്നത്.

ലോകത്തിന്റെ പലഭാഗത്തുണ്ടായ ചെറുതും വലുതുമായ ആണവാപകടങ്ങളെകുറിച്ചും ഇനി ഉണ്ടായേക്കാവുന്ന അപകടങ്ങളെക്കുറിച്ചും പുസ്തകം മുന്നറിയിപ്പ് നല്കുന്നു. ചെർണോബിൽ, ത്രീമൈൽ ഐലന്റ് പോലുള്ള ആണവ ദുരന്തങ്ങൾ ഇന്ത്യയിൽ ഇതുവരെ ഉണ്ടായിട്ടില്ല. കൽപ്പാക്കത്ത് നിർമ്മിച്ചുവരുന്ന ഫാസ്റ്റ് ബ്രീഡർ റിയാക്ടർ, അവയേക്കാൾ വലിയ ദുരന്തങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ളതാണ്. ശ്വാസം അടക്കിപ്പിടിച്ചുകൊണ്ടു മാത്രമേ അതിന്റെ പ്രവർത്തനത്തെ നിരീക്ഷിക്കാൻ കഴിയൂ.



കറുത്ത പ്രഭാതം
ആണവോർജ്ജവും
ആണവക്കരാറും
**എം. പി. പരമേശ്വരൻ**
ഡി. സി ബുക്സ്, കോട്ടയം
വില: 65 രൂപ

നൂറ്റാണ്ടുകളും ആയിരത്താണ്ടുകളുമായി റേഡിയോ ആക്ടിവത നിലനിർത്തുന്ന ആണവ മാലിന്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യുമെന്ന് ഇപ്പോഴും വ്യക്തമല്ല. ഭാവി തലമുറയോടു കാണുക്കുന്ന കടുത്ത അനീതിയാണ് ഇത്തരം ചെയ്തികൾ.

ഡോ. ഹോമി ജഹാംഗീർ ഭാഭ രൂപം നല്കിയ മൂന്നു ഘട്ടങ്ങളുള്ള ആണവ പരിപാടിയെക്കുറിച്ച് വിശദമായി പറയുന്നു. ഇന്ത്യയുടെ ബൃഹത് തോറിയ ശേഖരം അടിസ്ഥാനമാക്കിയുള്ള ആണവ ഊർജ്ജ പരിപാടിയായിരുന്നു അത്.

അമേരിക്കയുമായി കരാറിൽ ഏർപ്പെട്ടതുകൊണ്ട് ഒരു സാങ്കേതിക മേന്മയും ഉണ്ടാകുന്നതല്ല. നമ്മുടെ ചെലവിൽ പഠിക്കാൻ അവർക്ക് താത്പര്യമുണ്ടാകും.

യുറേനിയവും ഘനജലവും ഉപയോഗിച്ചുള്ള റിയാക്ടർ ടെക്നോളജിയിൽ ലോകത്തെ ഏതു രാജ്യത്തോടും കിടപിടിക്കാൻ നമുക്ക് കഴിയും. ഫാസ്റ്റ് ബ്രീഡർ ടെക്നോളജിയിലും നാം മറ്റുമിക്ക രാജ്യങ്ങളേക്കാളും മുന്നിലാണ്.

വലിയ തോതിൽ ആണവ നിലയങ്ങൾ ഇറക്കുമതി ചെയ്യുകയാണ് കരാറിന്റെ ലക്ഷ്യം. ഇതിനേക്കാൾ എത്രയോ കുറഞ്ഞ ചെലവിൽ കൽക്കരി നിലയങ്ങൾ കെട്ടാവുന്നതാണ്. ആവശ്യമായ എല്ലാ സാധനങ്ങളും ഇന്ത്യയിൽതന്നെ ഉണ്ടാക്കാൻ കഴിയും. ആരുടേയും ഓശാരത്തിന് പോകേണ്ടതില്ല.

ഒരു ആണവ നിലയത്തിന്റെ മൂലധന ചെലവ് മുതലാക്കണമെങ്കിൽ ഒരു റിയാക്ടർ 60 കൊല്ലക്കാലമെങ്കിലും പ്രവർത്തിക്കണം. നമ്മുടെ ആണവ നിലയങ്ങളുടെ മൂലധന ചെലവുകളെല്ലാം എന്നോ എഴുതിത്തള്ളിക്കഴിഞ്ഞിരിക്കുന്നു. എല്ലാറ്റിനും സർക്കാർ സബ്സിഡികൾ നേരത്തെ കിട്ടിയിട്ടുണ്ട്. ആണവനിലയങ്ങൾ ഡീ-കമ്മീഷൻ ചെയ്യാനുള്ള ചിലവ് അതി ഭീമമാണ്. പുതിയൊരു റിയാക്ടർ നിർമ്മിക്കാനുള്ള അത്രതന്നെ ചെലവ് വരുമെന്നാണ് പറയപ്പെടുന്നത്.

എത്ര ഊർജ്ജം ആവശ്യമാണെന്നും എന്തിനൊക്കെ എന്നും വിശദമായി പഠിക്കാം. നമുക്ക് ഊർജ്ജം ഉത്പാദിപ്പിക്കാവുന്ന മറ്റു സ്രോതസുകളെ തേടാം.